പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2086 12.02.2013-ൽ മറുപടിയ്ക്ക്

## സ്മയിൽ കേരള കായിക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.സെൽവരാജ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്മയിൽ കേരള കായിക പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ), (ബി) & (സി) ഉണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം ; | |
| (സി) കായിക പശ്ചാത്തല നിർമ്മാണത്തിൽ എന്തെല്ലാം നൂതനസംവിധാനങ്ങൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം.

## സ്മയിൽ കേരള കായിക പദ്ധതി.

### 1) വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

നിലവിലുളള കളിസ്ഥലങ്ങളിൽ ആധുനിക സിന്തറ്റിക് പ്രതലങ്ങൾ നിർമ്മിച്ച് വോളീബോൾ, ബാസ്ക്കറ്റ്ബോൾ, ടെന്നീസ് തുടങ്ങിയ കായികയിനങ്ങൾ പരിശീലിപ്പിക്കാനുതകുന്ന വിധം രൂപപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആവശ്യമായ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് ഗാലറിയോടുകൂടിയ ഇൻഡോർ സ്റ്റേഡിയങ്ങളായി കളിസ്ഥലങ്ങളെ രൂപപ്പെടുത്തുകയും ആയതിലേക്കാവശ്യമായ കായിക ഉപകരണങ്ങൾ സർക്കാർ മുതൽ മുടക്കിൽ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുകയാണ് ടി പദ്ധതി വഴി ഉദ്ദേശിക്കുന്നത്.

### 2) കമ്മ്യൂണിറ്റി സ്പോർട്സ്

ജനങ്ങളുടെ ആരോഗ്യപരവും കായികവുമായ വികസനം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി സ്പോർട്സ്. കുട്ടികളുടേയും യുവജനങ്ങളുടേയും മുതിർന്നവരുടേയും സമഗ്രമായ ആരോഗ്യ കായിക വികസനം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ചിട്ടുളള ടി പദ്ധതി വിവിധ കായിക സംഘടനകളുടെ സഹകരണത്തോടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം ഗുണനിലവാരമുളള ഷട്ടിൽ കോർട്ടുകൾ നിർമ്മിക്കുകയും നിലവിലുളള വോളീബോൾ കോർട്ടുകൾ നവീകരിക്കുകയും കമ്മ്യൂണിറ്റി ആക്റ്റിവിറ്റി ഹാളുകൾ നിർമ്മിച്ചു നൽകുകയുമാണ് ചെയ്യുന്നത്.

### 3) കളിസ്ഥല വികസനം.

സംസ്ഥാനത്തെ നിലവിലുളള കളിസ്ഥലങ്ങളുടെ വികസനമാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിലുളള കളിസ്ഥലങ്ങളെ പരിശീലനത്തിനും മത്സരത്തിനും ഉപയോഗപ്രദമാക്കുന്ന രീതിയിൽ വികസിപ്പിക്കുക, നീന്തൽ പരിശീലനത്തിനായി കുളങ്ങൾ നിർമ്മിക്കുക, വിവിധ കായിക ഇനങ്ങളുടെ പരിശീലനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം ഗുണനിലവാരമുളള പരിശീലനവും കളികളും ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നു.

1) നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം.
2) സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ങ് ജംപ് പിറ്റുകൾ
3) 4 വരിയുളള രണ്ട് സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം.
4) സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജംപ് പിറ്റ്
5) കബഡി കളിക്കളം
6) സിന്തറ്റിക് ഫുട്ബോൾ പരിശീലന സൗകര്യം.
7) സിന്തറ്റിക് ടർഫ് നിർമ്മാണം.

സെക്ഷൻ ഓഫീസർ